| A | शिक्षा का अधिकार<br>सर्व शिक्षा अभियान<br>सब पढ़ें सब बढ़ें | 402 |
|---|---|---|

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

സ്റ്റാൻഡേർഡ് - 4 | സമയം: 2 മണിക്കൂർ

| | ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|---|
| കുട്ടിയുടെ പേര് ........................................ | 1 | പോസ്റ്റർ | |
| വിദ്യാലയത്തിന്റെ പേര് ........................................ | 2 | വിവരണം | |
| ഡിവിഷൻ ........................................ | 3 | അനുഭവക്കുറിപ്പ് | |
| രക്ഷിതാവിന്റെ ഒപ്പ് ........................................ | 4 | ആസ്വാദനക്കുറിപ്പ് | |
| അധ്യാപകന്റെ ഒപ്പ് ........................................ | 5 | കവിതാപൂരണം | |
| | | ഓവറോൾ ഗ്രേഡ് | |

### പ്രവർത്തനം 1 - പോസ്റ്റർ

വായന വാരാചരണത്തിന്റെ ഭാഗമായി ഉദയപുരം സ്കൂളിലെ കുട്ടികൾ വ്യത്യസ്ത തരം പോസ്റ്ററുകൾ തയ്യാറാക്കി. അതിലൊന്നാണ് ചിത്രത്തിൽ കാണുന്നത്.




പോസ്റ്ററിൽ എന്തെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്? ഇതുപോലെ വായന വാരാചരണത്തിന് ഉപയോഗിക്കാവുന്ന ഒരു പോസ്റ്റർ തയാറാക്കുക.


പ്രവർത്തനം 2 - വിവരണം

ഓണക്കാലത്തെ കളികൾ കണ്ടിട്ടുണ്ടല്ലോ.ഒരു ഓണക്കളിയെക്കുറിച്ച് വിവരണം തയ്യാറാക്കുക.



* അത്തം പത്തോണം,
* അത്തം കറുത്താൽ ഓണം വെളുക്കും







പ്രവർത്തനം 3 - അനുഭവക്കുറിപ്പ്

എല്ലാ ജീവികളും ഭൂമിയുടെ അവകാശികളാണെന്നും അവയെ ഉപദ്രവിക്കരുതെന്നും നമുക്കറിയാം. എന്നിട്ടും പുഴുവിനെയും പൂമ്പാറ്റയെയും തുമ്പിയെയും ഉറുമ്പിനെയുമൊക്കെ നാം അറിഞ്ഞോ അറിയാതെയോ ഉപദ്രവിക്കുന്നു.

പക്ഷിയെ എറിഞ്ഞുവീഴ്ത്താൻ കുട്ടൻ ശ്രമിച്ചത് ഓർമ്മയില്ലേ? നിങ്ങൾക്കും ജീവികളുമായി ബന്ധപ്പെട്ട് ഇത്തരം ധാരാളം അനുഭവങ്ങൾ (ജീവികളെ ഉപദ്രവിക്കുകയും പിന്നീട് വിഷമം തോന്നുകയും ചെയ്തത്, ജീവികളെ സഹായിച്ചത്, ജീവികളെ വളർത്തിയത്) ഉണ്ടാകുമല്ലോ?

സംഭവം നടന്ന സാഹചര്യം, അപ്പോൾ മനസിനുണ്ടായ വികാരം,മനസിനുണ്ടായ മാറ്റം എന്നിവയെല്ലാം ചേർത്ത് ഒരു അനുഭവക്കുറിപ്പ് തയ്യാറാക്കൂ.

പ്രവർത്തനം 4 - ആസ്വാദനക്കുറിപ്പ്

താഴെക്കൊടുത്ത കവിത വായിക്കൂ.

**കാറ്റിനോട്**

ഇത്ര വികൃതിയാണല്ലേ-കാറ്റി-
നിത്തിരിയും കനിവില്ലേ?
പൂഴിത്തറയുടെ മീതേ പിഞ്ചു
പൂവിനെ വീഴ്ത്തിവെറുതേ
അമ്മിണി വീണാൽ, കവിയും മാലാൽ
അമ്മയും കൂടിക്കരയും
പൂവിനു നോവുകയില്ലേ? - പാവം
പൂവ് കരയുകയില്ലേ?
ചെയ്യരുതിങ്ങനെ കാറ്റേ - പാപം
ചെയ്യരുതിങ്ങനെ കാറ്റേ.

*- ജി.ശങ്കരക്കുറുപ്പ്*

| | | |
|---|---|---|
| • കവിയും | - | വർധിച്ച |
| • മാല് | - | ദുഃഖം |

- ഈ കവിതയിൽ പൂവ് മനുഷ്യന് തുല്യമാണെന്ന് വ്യക്തമാക്കുന്ന വരികൾ ഏതെല്ലാം?

- കവിതയുടെ പ്രധാന ആശയം, കവിത നല്കുന്ന സന്ദേശം, വാക്കുകളുടെഭംഗി, പ്രയോഗഭംഗി, ഇഷ്ടപ്പെട്ട വരികൾ എന്നിവ ഉൾപ്പെടുത്തി ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.

പ്രവർത്തനം 5 - കവിതാപൂരണം

കതിരുതേടിയലഞ്ഞ കിളിക്ക് ഒരു മണി നെല്ലുപോലും കിട്ടിയില്ല. "മുമ്പ് ഈ നാട്ടിൽ എത്രപാടങ്ങളിൽ നെൽകൃഷി ഉണ്ടായിരുന്നതാ" അവൾ ഓർത്തു. "എനിക്ക് ഒരു കതിർമണി കിട്ടിയാൽ അതു ഞാൻ വിതച്ച് ധാരാളം നെൽമണികൾ ഉണ്ടാക്കിയേനേ."

ആഗ്രഹിച്ചതുപോലെ കിളിക്ക് ഒരു നെൽക്കതിർ കിട്ടി. അവൾ എന്തു ചെയ്തു കാണും? അവളുടെ ആഗ്രഹങ്ങൾ നടന്നുകാണുമോ?

കവിത പൂർത്തീകരിക്കൂ.

പാറിനടന്നു പാടംതോറും
കിട്ടിയ വിത്തുവിതയ്ക്കാൻ
തേടിയലഞ്ഞു വലഞ്ഞൂ പാവം
ഇത്തിരി തണലും നനവും

..............................

..............................

..............................

..............................

..............................

..............................

..............................

..............................

..............................

..............................

..............................

A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

408

# FIRST TERM EVALUATION 2016-17
## ENGLISH

Standard : IV

Time : 2 Hrs

Name of the student ..............................

Name of the school ..............................

Division ..............................

Signature of the teacher ..............................

Signature of the parent ..............................

| No | Activity | Grade Points |
|---|---|---|
| 1 | Add more lines | |
| 2. | Thoughts | |
| 3. | Conversation | |
| 4. | Notice | |
| 5. | Description | |
| | Overall Grade | |

**Activity I  Add more lines.**

Pingala got new friends now. They clapped their hands and congratulated him. They called him 'crown prince', 'little prince', 'little king'.......... They sang. It was a song of farming. They sang about digging the soil, sowing the seeds, watering the plants............

**Add more lines to the poem**

Come and enjoy, little friends

Our little prince has won the game

Digging....digging....digging the soil

We'll make it green dear.

..............................................................

..............................................................

..............................................................

..............................................................

..............................................................

..............................................................

..............................................................

..............................................................

**Activity II** **Thoughts**

At Pingala's house his father was waiting for Pingala. ' What will happen in the palace? All other children went to the palace with flowerypots. But my boy............... .' What will the father think?

**Write the thoughts of Pingala's father.**

**Activity III** **Conversation**

"Father.." Pingala came running towards his father. Father ran to the gate. Pingala was very happy. He hugged his father. They walked to the verandah. "What happend in the palace, dear?" Father asked anxiously. They talked...

Write the conversation between Pingala and his father

Father : What happened in the palace, dear?

Pingala : ...............................................................................................

Father : ...............................................................................................

Pingala : ..........................................................................................

Father : ..........................................................................................

Pingala : ..........................................................................................

**Activity IV Notice**

"Let's congratulate Pingala. Better if it is on day after tomorrow at 10am in the village library hall". Arjun said. All of them agreed.

**Prepare a notice for the function.**

**Activity V  Description**

Pingala watched the farm . All the family members are working hard.



**Describe the picture.**

A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

404

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## പരിസരപഠനം

സ്റ്റാൻഡേർഡ് – IV

സമയം : 2 മണിക്കൂർ

കുട്ടിയുടെ പേര് ..............................

വിദ്യാലയത്തിന്റെ പേര് ..............................

രക്ഷിതാവിന്റെ ഒപ്പ് ..............................

അധ്യാപകന്റെ ഒപ്പ് ..............................

| പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|
| പ്രവർത്തനം 1 | |
| പ്രവർത്തനം 2 | |
| പ്രവർത്തനം 3 | |
| പ്രവർത്തനം 4 | |
| പ്രവർത്തനം 5 | |
| ഓവറോൾ ഗ്രേഡ് | |

പ്രവർത്തനം – 1


പഠനയാത്രയിൽ കണ്ട ജീവികളുടെ പേര് അമ്പിളി തന്റെ ഡയറിയിൽ കുറിച്ചു.

**ആന, ആമ, മുതല, ആട്, പുലി, പൂച്ച, പാമ്പ്, ചെമ്മീൻ, കൊക്ക്, തവള, ഗോൾഡ്ഫിഷ്, കോഴി, നക്ഷത്രമത്സ്യം, ഡോൾഫിൻ**

എ. " അവയെ പാർപ്പിച്ചിരിക്കുന്നത് വ്യത്യസ്തമായ സ്ഥലങ്ങളിലാണ്" അവൾ ആലോചിച്ചു. വാസസ്ഥലത്തിന്റെ സവിശേഷതകൾ പരിഗണിച്ച് ഈ ജീവികളെ നിങ്ങൾക്ക് തരംതരിക്കാമോ ?

| .............................. | .............................. | .............................. |
|---|---|---|
| | | |

ബി. ജലത്തിൽ നീന്തിക്കളിക്കുന്ന മത്സ്യത്തെക്കണ്ട് അമ്പിളിയ്ക്ക് കണ്ണെടുക്കാനേ തോന്നിയില്ല. അവൾ മത്സ്യത്തെ ഡയറിയിൽ വരച്ചത് നോക്കൂ. നിറം കൊടുക്കാൻ മറക്കരുതേ..................




സി. "എനിക്കും ഈ മത്സ്യത്തെപ്പോലെ നീന്തിക്കളിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ..... പക്ഷേ എനിക്ക് ജലത്തിൽ ജീവിക്കാനുള്ള കഴിവില്ലല്ലോ...." അമ്പിളി ചിന്തിച്ചു. മത്സ്യത്തിന് ജലത്തിൽ ജീവിക്കുന്നതിനനുയോജ്യമായ ശാരീരിക പ്രത്യേകതകളുണ്ട്. സഞ്ചാരം, ശ്വസനം എന്നിവയുമായി ബന്ധപ്പെട്ട് എന്തൊക്കെ അനുകൂലനങ്ങൾ മത്സ്യത്തിന് ഉണ്ട്?


പ്രവർത്തനം 2


അമ്പിളിയും കൂട്ടുകാരും രാവിലെ പ്രകൃതി നടത്തത്തിനിറങ്ങി. നെല്ല്, മാവ്, മുള, തേക്ക്, പ്ലാവ്, തെങ്ങ്, കവുങ്ങ്, തുളസി, ചെമ്പരത്തി എന്നീ സസ്യങ്ങളെ നിരീക്ഷിച്ചു. ഈ സസ്യങ്ങളെ ആശയഭൂപടത്തിൽ ക്രമീകരിക്കൂ...

എ.




ബി. "ആഞ്ഞിലി ഒരു ദ്വിബീജപത്രസസ്യമാണ്" അമ്മു പറഞ്ഞു. അപ്പോൾ അമ്പിളി അതിന്റെ സിരാവിന്യാസം വേരുപടലം എന്നിവയെക്കുറിച്ചാണ് ആലോചിച്ചത്. നിങ്ങൾക്ക് ആഞ്ഞിലിയുടെ വേരുപടലം, സിരാവിന്യാസംഎന്നിവയുടെ ചിത്രം വരയ്ക്കാമോ ?




പ്രവർത്തനം 3

എ. സ്വാതന്ത്ര്യദിന റാലിയിൽ പങ്കെടുക്കുന്നതിനായി അമ്പിളിയും കൂട്ടുകാരും തയ്യാറാക്കിയ പ്ലക്കാർഡുകളിലെ വ്യക്തികളെ തിരിച്ചറിയൂ...









ബി. സ്വാതന്ത്ര്യസമരചരിത്രത്തിലെ ചില സംഭവങ്ങളുമായി ബന്ധപ്പെട്ട പട്ടിക തയ്യാറാക്കുകയാണ് അമ്പിളി. വിട്ടുപോയ കളങ്ങൾ പൂർത്തിയാക്കൂ.


| സംഭവം | വർഷം | സ്ഥലം | സംഭവവുമായി ബന്ധപ്പെട്ട വ്യക്തി |
|---|---|---|---|
| ജാലിയൻവാലാബാഗ് | | | ഡോ.സത്യപാൽ |
| ഉപ്പുസത്യാഗ്രഹം | 1930 | | |
| ക്വിറ്റ് ഇന്ത്യാ | | ബോംബെ | |

സി. സ്വാതന്ത്ര്യസമരചരിത്രത്തിലെ ഓരോ സംഭവത്തിനും അതിന്റേതായ പ്രാധാന്യം ഉണ്ട്. ഏതെങ്കിലും ഒരു സംഭവത്തെക്കുറിച്ച് വിവരണം തയ്യാറാക്കൂ. (അതിന്റെ പ്രാധാന്യം, വർഷം, ബന്ധപ്പെട്ട വ്യക്തി, മറ്റ് പ്രത്യേകതകൾ എന്നിവ ഉൾപ്പെടുത്തുമല്ലോ?)


പ്രവർത്തനം 4

എ. അമ്പിളിയുടെ പരിസരപുസ്തകത്തിൽ ഒട്ടിച്ചിരിക്കുന്ന ചിത്രങ്ങളാണ് ഇവ. ചിത്രങ്ങൾ പരിശോധിച്ച് ഓരോ പക്ഷിയുടെയും ചുണ്ടുകളും കാലുകളും തമ്മിൽ വരച്ചു യോജിപ്പിക്കൂ...









ബി. പക്ഷികളുടെ ചുണ്ടുകളും കാലുകളും നിരീക്ഷിച്ചിട്ടുണ്ടല്ലോ ? താഴെ പറയുന്ന പക്ഷികളുടെ ചുണ്ടുകൾക്കും കാലുകൾക്കും എന്തു പ്രത്യേകതകളാണുള്ളത്? കുറിക്കൂ...

| | |
|---|---|
| പരുന്ത് | • ചുണ്ട്<br>• കാല് |
| കൊക്ക് | • ചുണ്ട്<br>• കാല് |
| താറാവ് | • ചുണ്ട്<br>• കാല് |

സി. പക്ഷികളുടെ ചുണ്ടുകളും കാലുകളും അവയുടെ ആഹാരസമ്പാദനത്തിന്. സഹായകമാണോ ? ഏതെങ്കിലും രണ്ട് പക്ഷികളുടെ ആഹാരസമ്പാദനത്തെക്കുറിച്ച് വിശദീകരിക്കു.

പ്രവർത്തനം 5

പരിസ്ഥിതി ദിനാഘോഷത്തിൽ അമ്പിളിയും കൂട്ടുകാരും ആലപിച്ച ഗാനം വായിച്ചു നോക്കു....

" ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ ?

മലിനമായ ജലാശയം അതിമലിനമായൊരു ഭൂമിയും

തണലുകിട്ടാൻ തപസ്സിലാണിന്നിവിടെയെല്ലാ മലകളും

ദാഹനീരിനു നാവുനീട്ടി വരണ്ടുപുഴകൾ സർവ്വവും (ഇനിവരു....)

എ. ഇത്തരം അവസ്ഥ നമുക്ക് ചുറ്റുമുണ്ടല്ലോ. ഇതിനൊക്കെ എന്താകാം കാരണങ്ങൾ? പരിസ്ഥിതി നാശത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾ കണ്ടെത്തി എഴുതുക.

**A** | **403**

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

സ്റ്റാൻഡേർഡ് - IV | **ഗണിതം** | സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ....................................................

വിദ്യാലയത്തിന്റെ പേര് ....................................................

ഡിവിഷൻ ....................................................

രക്ഷിതാവിന്റെ ഒപ്പ് ....................................................

അധ്യാപകന്റെ ഒപ്പ് ....................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|---|
| 1 | സൈക്കിൾക്കടയിൽ | |
| 2 | ഓണാഘോഷം | |
| 3 | ഓട്ടമത്സരം | |
| 4 | തീവണ്ടി സമയം | |
| 5 | ബാങ്കിലേയ്ക്ക് | |
| | ഓവറോൾ ഗ്രേഡ് | |

## പ്രവർത്തനം 1 – സൈക്കിൾക്കടയിൽ

അവധിക്കാലത്ത് മീനുവിനും, ബിജുവിനും, റഹീമിനും, ആൻസിക്കും സൈക്കിളുകൾ വാങ്ങി. ഓരോരുത്തരും കടയിൽ കൊടുത്ത നോട്ടുകളുടേയും നാണയങ്ങളുടേയും എണ്ണം താഴെകൊടുത്തിരിക്കുന്നു. സൈക്കിളുകളുടെ വില കണ്ടെത്താം.

| കറൻസി നോട്ടുകളും നാണയങ്ങളും | പേര് | | | |
|---|---|---|---|---|
| | മീനു | ബിജു | റഹീം | ആൻസി |
| 1000 രൂപ നോട്ടുകളുടെ എണ്ണം | 3 | 4 | 5 | 3 |
| 100 രൂപ നോട്ടുകളുടെ എണ്ണം | 2 | 5 | 8 | 9 |
| 10 രൂപ നോട്ടുകളുടെ എണ്ണം | 5 | 2 | 6 | |
| ഒരു രൂപ നാണയങ്ങളുടെ എണ്ണം | 2 | | 4 | 8 |
| സൈക്കിളുകളുടെ വില | | | | |

ബിജു സൈക്കിൾ വാങ്ങിയതിന് ശേഷം ഒരു മഴക്കോട്ട് കൂടി വാങ്ങി. ആകെ 5125 രൂപയായി. ഈ തുകയെ ഏതൊക്കെ രീതിയിൽ മാറ്റിയെഴുതാം?

---------പത്തുകൾ, ---------ഒന്നുകൾ

---------ഒന്നുകൾ — (5125) — 5 ആയിരം, 1 നൂറ്,--------പത്ത്,--------ഒന്ന്

----നൂറുകൾ, -----പത്തുകൾ, -----ഒന്നുകൾ

പ്രവർത്തനം: 2 - ഓണാഘോഷം

ലാലുവിന്റെ സ്കൂളിൽ ഓണാഘോഷ പരിപാടി നടത്താൻ തീരുമാനിച്ചു. വിവിധ കുടുംബശ്രീ യൂണിറ്റുകൾ നൽകിയ സംഭാവനകൾ താഴെ കൊടുത്തിരിക്കുന്നു.

| കുടുംബശ്രീ യൂണിറ്റുകൾ | നൽകിയ സംഭാവനകൾ |
|---|---|
| പുലരി | 4610 രൂപ |
| ഐശ്വര്യ | 2675 രൂപ |
| നന്മ | 3750 രൂപ |
| പൗർണമി | 3600 രൂപ |
| ദീപം | 2500 രൂപ |

1. ഏറ്റവും കൂടുതൽ തുക സംഭാവന നൽകിയ കുടുംബശ്രീ യൂണിറ്റിന്റെ പേര്: ______________________

2. ഏറ്റവും കുറഞ്ഞ തുക സംഭാവന നൽകിയ കുടുംബശ്രീ യൂണിറ്റിന്റെ പേര്: ______________________

3. ലഭിച്ച സംഭാവനകളെ ചെറുതിൽ നിന്ന് വലുതിലേക്ക് എഴുതുക.

| | | | | |
|---|---|---|---|---|
| | | | | |

4. ലഭിച്ച സംഭാവനകളെ വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതുക.

| | | | | |
|---|---|---|---|---|
| | | | | |

5. രണ്ട് രീതിയിലെഴുതിയപ്പോഴും സ്ഥാനം മാറാത്ത സംഖ്യ ഏത്? [  ]

## പ്രവർത്തനം - 3 - ഓട്ടമത്സരം

കായിക ദിനത്തോടനുബന്ധിച്ച് നവോദയ ക്ലബ്ബ് പുരുഷൻമാരുടെ 800 മീറ്റർ ഓട്ടമത്സരം നടത്തി. മത്സരത്തിൽ പങ്കെടുത്തവരുടെ പേരും അവർ ഓടിയെത്താനെടുത്ത സമയവും താഴെ കൊടുത്തിരിക്കുന്നു.

| പേര് | ഓടിയെത്താനെടുത്ത സമയം |
|---|---|
| ബാബു | 190 സെക്കന്റ് |
| റഷീദ് | 3 മിനുട്ട് 25 സെക്കന്റ് |
| ജിത്തു | 180 സെക്കന്റ് |
| ബെന്നി | 175 സെക്കന്റ് |

- ആരാണ് ജയിച്ചത്? [ ]
- എത്ര മിനുട്ടും എത്ര സെക്കന്റുമെടുത്താണ് വിജയിച്ചയാൾ ഓടിയെത്തിയത്?

  ----------മിനുട്ട് ----------സെക്കന്റ്
- കൂടുതൽ സമയമെടുത്തതാര്? [ ]
- അവസാനം ഓടിയെത്തിയ ആൾ എത്ര സമയമെടുത്തു ? [ ] സെക്കന്റ്
- ഒന്നാമതെത്തിയ ആളും അവസാനമെത്തിയ ആളും ഓടിയെത്താനെടുത്ത സമയങ്ങളുടെ വ്യത്യാസമെത്ര? [ ]

## പ്രവർത്തനം - 4 - തീവണ്ടി സമയം

ടിക്കറ്റ് ബുക്ക് ചെയ്യാൻ രാജേഷ് അച്ഛന്റെകൂടെ തൃശ്ശൂർ റയിൽവേ സ്റ്റേഷനിലെത്തി. അവിടെക്കണ്ട തീവണ്ടി സമയം അവൻ എഴുതിയെടുത്തു. അതിനെ 12 മണിക്കൂർ ക്ലോക്കിലേയ്ക്ക് മാറ്റി എഴുതുക.

| വണ്ടി നമ്പർ | തീവണ്ടിയുടെ പേര് | തീവണ്ടി പുറപ്പെടുന്ന സമയം | തീവണ്ടി പുറപ്പെടുന്ന സമയം (am/pm) |
|---|---|---|---|
| 17229 | ശബരി എക്സ്പ്രസ് | 13.00 | |
| 12625 | കേരള എക്സ്പ്രസ് | 17.00 | |
| 16525 | ഐലന്റ് എക്സ്പ്രസ് | 19.05 | |
| 12521 | രപ്തിസാഗർ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് | 10.50 | |
| 16317 | ഹിമസാഗർ എക്സ്പ്രസ് | 20.42 | |

* രാജേഷും കുടുംബവും കേരള എക്സ്പ്രസിൽ പുറപ്പെട്ടു. കോയമ്പത്തൂരിൽ എത്തിച്ചേർന്നത് 19.55 നാണ്.

യാത്രക്കെടുത്ത സമയമെത്ര?

____________ മണിക്കൂർ ____________ മിനുട്ട്

**പ്രവർത്തനം: 5 ബാങ്കിലേയ്ക്ക്**

ബാങ്കിൽ മനു, റഹിം, ജോയി എന്നിവർ 1270, 1350, 1760 എന്നിങ്ങനെ തുകകൾ നിക്ഷേപിച്ചു.

* റഹീമും ജോയിയും നിക്ഷേപിച്ച ആകെ തുകയുടെ ഇരട്ടിയാണ് ലക്ഷ്മി നിക്ഷേപിച്ച തുക.
* ജോണിയുടെ നിക്ഷേപം ലക്ഷ്മിയും നൗഫിയയും നിക്ഷേപിച്ച ആകെ തുകയ്ക്ക് തുല്യമാണ്.
* നൗഫിയയുടെ നിക്ഷേപം മനുവും റഹീമും നിക്ഷേപിച്ച ആകെ തുകയുടെ പകുതിയാണ്.

ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ചതാര് ? എത്ര രൂപ ?

**ചോദ്യത്തിൽ നിന്നും നിങ്ങൾക്ക് മനസ്സിലായ കാര്യങ്ങൾ ചുവടെ കളങ്ങളിൽ എഴുതുക.**

**ഉത്തരം കണ്ടെത്തുക.**

കൂടുതൽ തുക നിക്ഷേപിച്ച ആൾ ? ________ തുക ________

A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

GI 403

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016–17

## ഗണിതം

ക്ലാസ്സ് : IV

സമയം: 2 മണിക്കൂർ
ആകെ പോയിന്റ് : 25

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E)

**പ്രവർത്തനം – 1 സൈക്കിൾ കടയിൽ**

**പഠനനേട്ടം**

നാലക്ക സംഖ്യകൾ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതുകയും പിരിച്ചെഴുതിയവയെ സംഖ്യകളാക്കുകയും ചെയ്യുന്നു.

സൂചകങ്ങൾ

1) ആയിരം, നൂറ്, പത്ത്, ഒന്ന് ഇവ ചേർന്നു വരുന്ന നാലക്ക സംഖ്യകണ്ടെത്തിയാൽ (മീനുവിനും റഹീമിനും കിട്ടിയ തുക കൃത്യമായി കണ്ടെത്തിയാൽ) (2)
2) ആയിരം, നൂറ്, പത്ത് ഇവ ചേർന്നു വരുന്ന നാലക്ക സംഖ്യ കണ്ടെത്തുന്നു. (ബിജുവിന്റെ തുക) (1)
3) ആയിരം, നൂറ്, ഒന്ന് ഇവ ചേർന്നു വരുന്ന നാലക്ക സംഖ്യ കണ്ടെത്തുന്നു. (ആൻസിയുടെ തുക) (1)
4) നാലക്ക സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ച് എഴുതുന്നു. 5125-നെ മൂന്നോ അതിലധികമോ രീതിയിൽ വ്യാഖ്യാനിക്കുന്നു. (1)

**പ്രവർത്തനം – 2 –ഓണാഘോഷം**

**പഠനനേട്ടം**

നാലക്ക സംഖ്യകളെ ആരോഹണ / അവരോഹണ ക്രമത്തിൽ ക്രമീകരിക്കുന്നു.

സൂചകങ്ങൾ

1) തന്നിരിക്കുന്ന നാലക്ക സംഖ്യകളെ വലുപ്പക്രമത്തിൽ എഴുതുന്നു. (2)
2) ഏറ്റവും വലിയ സംഖ്യയും ചെറിയ സംഖ്യയും കണ്ടെത്തുന്നു. (2)
3) സംഖ്യകളുടെ എണ്ണം ഒറ്റസംഖ്യയായിരുന്നാൽ ആരോഹണ/അവരോഹണ ക്രമത്തിലെഴുതിയാൽ നടുവിലത്തെ സംഖ്യ മാറുന്നില്ലായെന്ന് കണ്ടെത്തുന്നു. (1)

(ഏറ്റവും കൂടുതൽ തുക സംഭാവന നൽകിയ കുടുംബശ്രീ യൂണിറ്റ് പുലരി എന്നും. ഏറ്റവും കുറഞ്ഞ തുക സംഭാവന നൽകിയ കുടുംബശ്രീ യൂണിറ്റ് ദീപം എന്നും കണ്ടെത്തുന്നു. കണ്ടെത്തിയാൽ ഓരോ പോയിന്റ് വീതം. നാലക്ക സംഖ്യകളെ ആയിരങ്ങളുടെയും നൂറുകളുടെയും അടിസ്ഥാനത്തിൽ ചെറുതിൽ നിന്ന് വലുതിലേക്കും, വലുതിൽ നിന്ന് ചെറുതിലേക്കും, കൃത്യമായി എഴുതിയാൽ (ഓരോ പോയിന്റ് വീതം). നാലക്ക സംഖ്യകളെ ചെറുതിൽ നിന്നും വലുതിലേക്കും വലുതിൽ നിന്ന് ചെറുതിലേക്കും എഴുതിയതിൽ നിന്നും നടുവിലത്തെ സംഖ്യ കൃത്യമായി കണ്ടെത്തിയാൽ 1 പോയിന്റ് വീതം)

**പ്രവർത്തനം - 3 - ഓട്ടമത്സരം**

**പഠനനേട്ടം**

മിനുട്ടും സെക്കന്റും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു.

**സൂചകങ്ങൾ**

- മിനുട്ടും സെക്കന്റും തമ്മിലുള്ള ബന്ധം കണ്ടെത്തുന്നു. (1)
- സെക്കന്റുകളെ മിനുട്ടുകളും സെക്കന്റുകളുമാക്കി മാറ്റി എഴുതുന്നു. (2)
- സമയദൈർഘ്യം കണ്ടെത്തുന്നു. (2)

(കുറഞ്ഞ സമയം കൊണ്ട് ഓടിയെത്തിയ ആൾ - ബെന്നി - 2 മിനുട്ട് 55 സെക്കന്റ്. കൂടുതൽ സമയമെടുത്തയാൾ 3 മിനുട്ട് 25 സെക്കന്റ്. അവസാനം ഓടിയെത്തിയ ആൾ എടുത്ത സമയം - 205 സെക്കന്റ്. ഒന്നാമത്തെ ആളും അവസാനത്തെ ആളും ഓടിയെത്തിയ സമയവ്യത്യാസം - 30 സെക്കന്റ്)

**പ്രവർത്തനം - 4 - തീവണ്ടി സമയം**

**പഠനനേട്ടം**

24 മണിക്കൂർ ക്ലോക്കിൽ നൽകിയ സമയത്തെ 12 മണിക്കൂർ ക്ലോക്കിലേക്ക് മാറ്റിയെഴുതുന്നു.

**സൂചകങ്ങൾ**

തന്നിരിക്കുന്ന തീവണ്ടി സമയത്തെ 24 മണിക്കൂർ ക്ലോക്കിൽ നിന്നും 12 മണിക്കൂർ ക്ലോക്കിലേയ്ക്ക് മാറ്റി എഴുതുന്നു.

(ശബരി എക്പ്രസ്-1 pm, കേരള എക്സ്പ്രസ് - 5 pm, ഐലന്റ് എക്സ്പ്രസ്-7.05 pm, രപ്തിസാഗർ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് - 10.50 am, ഹിമസാഗർ എക്സ്പ്രസ് - 8.42 pm. രാജേഷും കുടുംബവും യാത്രയ്ക്കെടുത്ത സമയം 2 മണിക്കൂർ 55 മിനുട്ട്)

- മൂന്നോ അതിൽ കൂടുതലോ ശരിയായാൽ. (3)
  (രണ്ടെണ്ണം ശരിയായാൽ 2 പോയിന്റ്, ഒന്നുമാത്രം ശരിയായാൽ 1 പോയിന്റ്)
- യാത്രക്കെടുത്ത സമയം മണിക്കൂറിലും മിനുട്ടിലും എഴുതിയാൽ. (2)
  (2 മണിക്കൂർ എന്ന് മാത്രം എഴുതിയാൽ 1 പോയിന്റ്)

**പ്രവർത്തനം - 5- ബാങ്കിലേയ്ക്ക്**

**പഠനനേട്ടം**

നാലക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്.

സൂചകങ്ങൾ

- പ്രശ്ന പരിഹരണത്തിനാവശ്യമായ വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
- അനുയോജ്യമായ ക്രിയാരീതി കണ്ടെത്തിയിട്ടുണ്ട്. (2)
- കൃത്യമായ ഉത്തരം കണ്ടെത്തിയിട്ടുണ്ട്. (2)
  (ലക്ഷ്മി നിക്ഷേപിച്ച തുക കണ്ടെത്തുന്നതിനുള്ള വഴി തിരിച്ചറിഞ്ഞിട്ടുണ്ട്.
  (ലക്ഷ്മി നിക്ഷേപിച്ച തുക = 1350 + 1760 = 3110 X 2 = 6220)
- ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ച ആളിനെ കണ്ടെത്തുന്നതിന്.
  ഓരോരുത്തരും നിക്ഷേപിച്ച തുക കണ്ടെത്തേണ്ടതുണ്ട് എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.
  (ലക്ഷ്മി നിക്ഷേപിച്ച തുക = 6220
  നൗഫിയ നിക്ഷേപിച്ച തുക = (1270 + 1350)-ന്റെ പകുതി
  = 2620-ന്റെ പകുതി 1310
  ജോണി നിക്ഷേപിച്ച തുക = 6220 + 1310
  = 7530
- ഏറ്റവും കൂടുതൽ തുക നിക്ഷേപിച്ചയാൾ ജോണി - 7530
  ഏറ്റവും കുറഞ്ഞ തുക നിക്ഷേപിച്ചയാൾ നൗഫിയ - 1310.)

A

GI 402

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## മലയാളം

സ്റ്റാൻഡേർഡ് - 4 | സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ*

1. അഞ്ച് പ്രവർത്തനങ്ങളാണ് മൂല്യനിർണ്ണയത്തിനായി നൽകിയിട്ടുള്ളത്.
2. ഓരോ പ്രവർത്തനവും അഞ്ചു സൂചകങ്ങൾ ഉപയോഗിച്ചാണ് വിലയിരുത്തുന്നത്.
3. ഓരോ സൂചകത്തിനും ഓരോ പോയിന്റ് വീതമാണ്. ഒരു പ്രവർത്തനത്തിന് ആകെ അഞ്ച് പോയിന്റ്. ആകെ 25 പോയിന്റ്
4. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം a, b, c, d, e ഗ്രേഡുകൾ നൽകേണ്ടതാണ്.
5. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
6. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.
7. ഉത്തരം എഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് അധിക കടലാസ് നൽകണം.

---

1 പോസ്റ്റർ — 5

- സന്ദർഭവുമായി ബന്ധപ്പെട്ട ആശയങ്ങൾ, താളാത്മകമായ പോസ്റ്റർ വാക്യങ്ങളാക്കി എഴുതിയിട്ടുണ്ട്.
- അക്ഷരങ്ങൾക്കനുയോജ്യമായ വലിപ്പം, നിറം എന്നിവ നൽകിയിട്ടുണ്ട്.
- പോസ്റ്റർ വാക്യങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ പ്രാധാന്യം അനുസരിച്ച് അനുയോജ്യമായി വിന്യസിച്ചിട്ടുണ്ട്.
- ആകർഷകമായ വാക്യഘടന പാലിച്ചിട്ടുണ്ട്.
- അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്.

2 വിവരണം — 5

- വിഷയം സംബന്ധിച്ച പ്രധാന ആശയങ്ങളും ഉപാശയങ്ങളും വിശദാംശങ്ങളോടെ എഴുതിയിട്ടുണ്ട്.
- വിഷയത്തെ സംബന്ധിച്ച് യഥാർത്ഥ വസ്തുതകൾ കൃത്യതയോടെ എഴുതിയിട്ടുണ്ട്. (വസ്തുനിഷ്ഠത)
- സൂക്ഷ്മ സവിശേഷതകൾ സൂചിപ്പിക്കുമ്പോൾ അനുയോജ്യമായ പദങ്ങൾ ഉപയോഗിക്കുന്നുണ്ട്.
- ആശയങ്ങൾ അനുയോജ്യമായ രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.
- വാക്യവൈവിധ്യം,ഉചിതമായ വാക്യഘടന, ചിഹ്നനം, എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്.

5

3 അനുഭവക്കുറിപ്പ്

- സ്വന്തം അനുഭവങ്ങൾ വൈകാരികമായി അവതരിപ്പിച്ചിട്ടുണ്ട്.
- സംഭവങ്ങൾ ക്രമമായും പൂർണമായും അവതരിപ്പിച്ചിട്ടുണ്ട്.
- അനുയോജ്യമായ ഭാഷാശൈലികളും പ്രയോഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
- സ്വയം പറയുന്ന രീതിയിൽ അനുഭവങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതിയിട്ടുണ്ട്.

5

4. ആസ്വാദനക്കുറിപ്പ്

- കവിതയുടെ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.
- കവിതയിലെ സവിശേഷ പദങ്ങളും പ്രയോഗങ്ങളും വർണനകളും കണ്ടെത്തിയിട്ടുണ്ട്.
- കവിതയിലെ ആശയങ്ങളും, സവിശേഷ പ്രയോഗങ്ങളും വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും വ്യക്തമാക്കിയിട്ടുണ്ട്.
- വാക്യഘടന പാലിച്ചും തെറ്റില്ലാത്ത ഭാഷയിലും എഴുതിയിട്ടുണ്ട്.

5

5. കവിതാപൂരണം

- സന്ദർഭത്തിന്റെ ആശയപരമായ തുടർച്ച പാലിച്ച് രചന നടത്തിയിട്ടുണ്ട്.
- താളബോധത്തോടെ വരികൾ കൂട്ടിച്ചേർത്തിട്ടുണ്ട്.
- അനുയോജ്യമായ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ രചനയിലുണ്ട്.
- ഭാവന ഉൾക്കൊണ്ട് വരികൾ പൂർത്തിയാക്കിയിട്ടുണ്ട്.
- ശരിയായ പദച്ചേരുവ പാലിച്ച് രചന നിർവഹിച്ചിട്ടുണ്ട്.